LIBRARY ARCHIVES Kerala Legislative Assembly

ഹരിപ്പാട് മണ്ഡലത്തിലെ റീ ബിൽഡ് കേരള പ്രവൃത്തികൾ

316 (1682) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണവകുപ്പ് മുഖേന ഹരിപ്പാട് മണ്ഡലത്തിൽ നടന്നുവരുന്ന വിവിധ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ, നിർവ്വഹണ പുരോഗതി, ഈ പ്രവൃത്തികളുടെ നിർവ്വഹണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ, ഇനി ടെണ്ടർ ചെയ്യാനുള്ള പ്രവൃത്തികൾ എന്നിവ അറിയിക്കാമോ?

റീബിൽഡ് കേരള (RKI)പദ്ധതിക്കുകീഴിൽ ഹരിപ്പാട് മണ്ഡലത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1* ലും പ്രോജക്ട് ഡയറക്ടർ RKI LSGD മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2* ലും ചേർത്തിരിക്കുന്നു.

ഹരിപ്പാട് മണ്ഡലത്തിലെ ഗ്രാമീണറോഡ് പുനരുദ്ധാരണം

317 (1683) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണറോഡ് പുനരുദ്ധാരണപദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ഹരിപ്പാട് നിയോജക മണ്ഡലത്തിലെ കരുവാറ്റ പഞ്ചായത്തിൽ നിർമ്മിക്കാൻ ഭരണാനുമതി ലഭിച്ചിരുന്ന എസ്എൻ കടവ്-ആശാട്ടിമുക്ക് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

മീനന്തറ പാടശേഖരത്തിന് മധ്യത്തിലൂടെ കടന്നുപോകുന്ന 280 മീറ്റർ നീളത്തിലുള്ള എസ്. എൻ. കടവ്-ആശാട്ടിമുക്ക് റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി തുക 40 ലക്ഷം രൂപയായിരുന്നു. റോഡിന്റെ ഇരുവശത്തും സംരക്ഷണ ഭിത്തി നിർമ്മിച്ച് വെള്ളംകയറാത്ത രീതിയിൽ റോഡ് ഉയർത്തി ടാറിംഗ് ചെയ്യുന്നതിന് ഭരണാനുമതി തുകയായ 40 ലക്ഷം രൂപ പര്യാപ്തമായിരുന്നില്ല. എന്നാൽ, കൂടുതൽ തുക അനുവദിക്കാൻ ഫണ്ടിന്റെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അപര്യാപ്തത ഉള്ളതിനാൽ, 40 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി വാങ്ങി പ്രവൃത്തി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംരക്ഷണ ഭിത്തിയും ഫില്ലിംഗും മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി, പ്രവൃത്തി ജൂലൈ 31 നകം ടെണ്ടർ ചെയ്യുന്നതാണ്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ജൂലൈ 31-നകം ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

ടേക്ക് എ ബ്രേക്ക് പദ്ധതി

318 (1684) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെ പഞ്ചായത്തുകളിലാണെന്നും അറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം പുതുതായി പണികഴിച്ചതും പുതുക്കിപ്പണിതതും ഉൾപ്പെടെ ആകെ 8 വഴിയോര വിശ്രമ കേന്ദ്രങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പനങ്ങാട് ഗ്രാമപഞ്ചായത്ത് (2 എണ്ണം), കാവിലുംപാറ ഗ്രാമപഞ്ചായത്ത്, നൻമണ്ട ഗ്രാമപഞ്ചായത്ത്, പുതുപ്പാടി ഗ്രാമപഞ്ചായത്ത്, രാമനാട്ടുകര മുനിസിപ്പാലിറ്റി, വടകര മുനിസിപ്പാലിറ്റി, കോഴിക്കോട് കോർപ്പറേഷൻ (ഒന്നുവീതം) എന്നിവിടങ്ങളിലാണ് വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്.

ആലപ്പുഴ നിയോജകമണ്ഡലത്തിലെ പദ്ധതികൾ

319 (1685) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തിവികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ മുഖേന തദ്ദേശസ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗം ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

&